പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. T3638 | 14/03/2017 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## മത്സ്യത്തിന്റെ ഗുണനിലവാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിപണനം ചെയ്യപ്പെടുന്ന മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും, ആരോഗ്യത്തിന് ദോഷകരമായ പദാർത്ഥങ്ങൾ മത്സ്യത്തിൽ കലർത്തുന്നത് തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | എ) | മത്സ്യത്തിൽ മനുഷ്യശരീരത്തിന് ഹാനികരമായ സോഡിയം ബെൻസോയേറ്റ്, ഫോർമാലിൻ എന്നീ രാസവസ്തുക്കൾചേർക്കുന്നു എന്നുള്ള വാർത്തകളുടെ അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പ്, കേരള ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ മറൈയൻ പ്രോഡക്ട്സ് എക്സ്പോർട്ട് അതോറിറ്റി, സെൻട്രൽഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി എന്നിവിടങ്ങളിലെ ഉന്നത ഉദ്യോഗസ്ഥന്മാരുടെയോഗം ഭക്ഷ്യസുരക്ഷാ കമ്മീഷണർ വിളിച്ചു കൂട്ടുകയും മത്സ്യത്തിൽ മാരകമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടുകൂടി ഓപ്പറേഷൻ സാഗർ റാണി എന്ന ഒരു പദ്ധതിക്ക് രൂപം കൊടുക്കുകയും ചെയ്തു. ഈ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തെ മത്സ്യം ലേലംചെയ്യുകയും, വിപണനം നടത്തുകയും ചെയ്യുന്ന കേന്ദ്രങ്ങളിൽ നിന്ന് മത്സ്യവും, മത്സ്യത്തിൽ ചേർക്കുന്ന ഐസ്സും ഉൾപ്പെടെ 490 സാമ്പിൾശേഖരിച്ച് പരിശോധന നടത്തുകയുണ്ടായി. ഈ സാമ്പിളുകൾ കൊച്ചിയിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലും തിരുവനന്തപുരം, എറണാകുളം,കോഴിക്കോട് എന്നിവിടങ്ങിലെ ലാബുകളിലും പരിശോധനനടത്തി. ലഭിച്ച പരിശോധന ഫലങ്ങളിൽ 5 സാമ്പിളുകളിൽ സോഡിയം ബെൻസ്വയേറ്റിന്റെയും 19 സാമ്പിളുകളിൽ ഫോർമാലിന്റെയും സാന്നിദ്ധ്യം കണ്ടെത്തുകയുണ്ടായി. 58 ഐസ്സ് സാമ്പിളുകൾ പരിശോധിച്ചതിൽ 11 എണ്ണത്തിൽ ഫോർമാലിന്റെ അംശം |

| | | | |
|---|---|---|---|
| | | | കണ്ടെത്തുകയുണ്ടായി.<br><br>ഇതേ തുടർന്ന് സാഗർ റാണിയുടെ രണ്ടാം ഘട്ടത്തിൽ ഉപഭോക്താക്കളെയും, മത്സ്യവ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നവരെയും പൂർണ്ണമായി ബോധവൽക്കരിക്കുന്നതിനായി ഓരോ ജില്ലയിലും മിനിമം 3 ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ഇതുകൂടാതെ ബോധവൽക്കരിക്കുന്നതിനായി ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്തു വരുന്നു.<br>മത്സ്യവ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഫുഡ് സേഫ്റ്റി ലൈസൻസ്/രജിസ്ട്രേഷൻ എന്നിവ നിർബന്ധമാക്കുന്നതിന്റെ ഭാഗമായി ഫിഷറീസ് ഉദ്യോഗസ്ഥന്മാരുടെ പങ്കാളിത്തത്തോടുകൂടി സ്പെഷ്യൽ സ്ക്വാഡ് രൂപീരിച്ച് ഫുഡ് സേഫ്റ്റി ലൈസൻസ്/രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടെത്തുന്നതിനും അവരെ കൊണ്ട് അത് എടുപ്പിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു |
| ബി) | മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരം ചെക്ക് പോസ്റ്റുകളിൽ തന്നെ ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; | ബി) | മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരം ചെക്ക്പോസ്റ്റുകളിൽ തന്നെ ഉറപ്പുവരുത്തുന്നതിന് സംവിധാനം നിലവിലില്ല. അന്യസംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റ് വഴി കൊണ്ടുവരുന്ന മത്സ്യങ്ങളുടെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടുകൂടി ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള ലാബുകളിലും സെന്റർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ കൊച്ചിയിലുള്ള ലാബിലും പരിശോധിക്കുവാൻ സാധിക്കുന്നതാണ്. |
| സി) | ഗുണനിലവാരമുള്ള മത്സ്യം വിപണനം ചെയ്യുന്നത് ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ? | സി) | സത്വരനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Shreesh

സെക്ഷൻ ഓഫീസർ